# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVIII January 2018 No. 1



| | ARTICLES | *page* |
|---|---|---|
| സുൽഹഫ് | അകലെയല്ല, റോബോസാപിയനുകൾ [മാധ്യമം, പുതുവർഷപ്പതിപ്പ്] | 1 - 7 |
| ഡോ. മേരി ജോർജ്ജ് | പാപ്പരത്ത നിയമം : [യോജന, 2018 ജനുവരി] | 8 - 15 |
| Manjula Wadhwa | Rural Banking : Translating Vision to Reality [Yojana, January, 2018 ] | 16 - 24 |
| Yashomati Ghosh | Reformation of the Legal Profession in the Interest of Justice [Economic & Political Weekly, 13 January, 2018] | 25 - 33 |
| | **BOOK REVIEW** | |
| A.G. Noorani | Impeaching Trump- [Book review on "The Case for Impeachent." written by Allan J. Lichtman [Frontline, 5 January, 2018 ] | 34-39 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 15th Session of the 11th Tripura Legislative Assembly | 40 - 42 |

FOCUS 

# അകലെയല്ല, റോബോസാപിയനുകൾ

**സുൽഹഫ്**

ലോകത്തെ തിരക്കേറിയ ഏഴ് ചരക്കു ഗതാഗത തുറമുഖങ്ങളിൽ ഒന്ന് ചൈനയിലാണ്. പക്ഷേ, എത്ര തിരക്കിനിടയിലും അവിടെ നിങ്ങൾക്ക് ഒരു മനുഷ്യജീവിയെപ്പോലും കാണാൻ സാധിക്കില്ല. കിഴക്കൻ ചൈനയിലെ കിങ്ദാവോയിലാണ് ഈ ഓട്ടോമാറ്റിക് കണ്ടെയ്നർ ടെർമിനൽ കഴിഞ്ഞ മാർച്ച് മുതൽ പ്രവർത്തിക്കുന്നത്. ഈ തുറമുഖം സന്ദർശിക്കുന്നവർക്ക് അവിടെ ആളില്ലാട്രക്കുകൾ 24 മണിക്കൂറും പാഞ്ഞുനടക്കുന്നത് കാണാം. കാർഗോയിൽ ഒന്നോ രണ്ടോ പേരെ കണ്ടാലായി. എന്നിട്ടും, എല്ലാം പഴയതിലും കൂടുതൽ കൃത്യതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്-എ.ഐ.) എന്ന സാങ്കേതിക വിദ്യയുടെയും ലേസർ ടെക്നോളജിയുടെയും സഹായത്തോടെ, പുനഃനിർമ്മിച്ച ഈ കേന്ദ്രമിപ്പോൾ 'പ്രേത തുറമുഖം' എന്നാണ് അറിയപ്പെടുന്നത്. തുറമുഖത്തിലെ ഒരൊറ്റ ടെർമിനൽ മാത്രമാണ് ഇപ്പോൾ എ.ഐ.ടെക്നോളജി ഉപയോഗിച്ച് പ്രവർത്തിക്കുന്നത്. ഇതിനുള്ളിൽതന്നെ, ലേബർ ചാർജ് ഇനത്തിൽ 70 ശതമാനം തുക ലാഭിക്കാൻ കഴിഞ്ഞുവെന്നാണ് അധികൃതർ പറയുന്നത്. മാത്രമല്ല, തുറമുഖത്തിന്റെ പ്രവർത്തനക്ഷമതയും വേഗതയും 30 മടങ്ങ് വർധിക്കുകയും ചെയ്തിരിക്കുന്നു. പത്ത് വർഷത്തിലുള്ളിൽ ഈ തുറമുഖം പൂർണമായും റോബോട്ടുകളുടെ നിയന്ത്രണത്തിലാക്കാനുള്ള ജോലികൾ അവിടെ പുരോഗമിക്കുകയാണ്. ഏഷ്യയിലെ ആദ്യത്തെ 'പ്രേത തുറമുഖ'മാണ് കിങ്ദാവോയിലേത്. ആസ്ട്രേലിയയിലും അമേരിക്കയിലും 2014 മുതൽ തന്നെ ഇത്തരം പോർട്ടുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

തുറമുഖ സാങ്കേതിക വിദ്യയിലുണ്ടായ ഈ മാറ്റത്തോടുള്ള മനുഷ്യ സമൂഹത്തിന്റെ സമീപനമെന്തായിരിക്കണം? അതിനെ പൂർണമായും സ്വീകരിക്കാനാകുമോ? അതല്ല, ടെക്നോളജിയുടെ കടന്നുകയറ്റം സൃഷ്ടിക്കുന്ന മാനുഷിക ദുരന്തങ്ങൾ ചൂണ്ടിക്കാട്ടി അതിനോട് പുറംതിരിഞ്ഞിരിക്കാനാകുമോ? നിർമ്മിത ബുദ്ധി സംബന്ധിച്ച് ശാസ്ത്രലോകത്ത് വികസിച്ചുവരുന്ന സംവാദങ്ങളുടെ കേന്ദ്രസ്ഥാനത്തായി നിലകൊള്ളുന്നുണ്ട് ഈ ചോദ്യങ്ങളത്രയും. നമുക്ക് 'പ്രേത തുറമുഖ'ത്തിന്റെ



കാര്യം തന്നെയെടുക്കാം. നേരത്തേ അവിടെ കരക്കടുക്കുന്ന കപ്പലിൽ നിന്ന് ചരക്കിറക്കാൻ 60 തൊഴിലാളികളുടെ സേവനം ആവശ്യമുണ്ടായിരുന്നു. ഇപ്പോൾ ആ ജോലി ചെയ്യുന്നത് ഒരാൾ മാത്രമാണ്. ബാക്കി, മുൻകൂട്ടി തയ്യാറാക്കിയ പ്രോഗ്രാമുകൾക്കനുസരിച്ച് ചലിക്കുന്ന ട്രക്കുകളും ക്രെയിനുകളും ചെയ്തു കൊള്ളും. നിർമ്മിത ബുദ്ധിയുടെ സാധ്യതയും ഭാവിയിൽ ഉണ്ടാകാനിടയുള്ള അപകടങ്ങളിലേക്കും 'പ്രേത തുറമുഖം'കൃത്യമായ സൂചന നൽകുന്നുണ്ട്.

**അസിമോവിന്റെ പ്രവചനങ്ങളും നിയമങ്ങളും**

കഴിഞ്ഞ ഒക്ടോബറിൽ, 'സോഫിയ'എന്ന ഹ്യൂമനോയിഡ് റോബോട്ടിന് സൗദി അറേബ്യ പൗരത്വം നൽകിയതായി പ്രഖ്യാപിച്ചതോടെയാണ് നിർമ്മിത ബുദ്ധിയും റോബോട്ടിക്സുമെല്ലാം ജനപ്രിയ ശാസ്ത്രത്തിന്റെ സജീവ ചർച്ചയായി ഒരിക്കൽകൂടി കടന്നുവരുന്നത്. യഥാർഥത്തിൽ, 2015 തന്നെ, ഹാൻസൻ റോബോട്ടിക്സ് എന്ന സ്ഥാപനം 'സോഫിയ'യെ വികസിപ്പിക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. 'സോഫിയ'യുടെ ലോകപര്യടനത്തിന്റെ ഭാഗമായി സൗദി തലസ്ഥാനമായ റിയാദിലെത്തിയപ്പോഴാണ്, ആ രാജ്യം പൗരത്വം പ്രഖ്യാപിച്ച് ലോകത്തെ അത്ഭുതപ്പെടുത്തിയത്. 'സോഫിയ' പിറവിയെടുത്ത 2015 എന്ന വർഷത്തിന് റോബോട്ടിക്സ് ചരിത്രത്തിൽ മറ്റൊരു സ്ഥാനംകൂടിയുണ്ട്. ആ വർഷമാണ് വിഖ്യാത ശാസ്ത്രമെഴുത്തുകാരനായ ഐസക് അസിമോവിന്റെ 'റൺ എറൗണ്ട്' എന്ന കഥ നടക്കുന്നത്. അൽപം വിശദീകരിക്കേണ്ട കാര്യമാണിത്. 1942 ലാണ് 'റൺ എറൗണ്ട്'പ്രസിദ്ധീകരിക്കുന്നത് (പിന്നീട് അത് അസിമോവിന്റെ 'റോബോട്ടിക് സീരീസി'ന്റെ ഭാഗവുമായി) ഏഴ് പതിറ്റാണ്ടുകൾക്കപ്പുറം ബഹിരാകാശ പര്യവേഷണ സാങ്കേതിക വിദ്യ എത്രമാത്രം കരുത്താർജ്ജിച്ചിരിക്കുമെന്ന് പ്രവചിക്കുകയാണ് ഈ കഥയിലൂടെ അസിമോവ്. 2015-ൽ, സൗരയൂഥത്തിലെ ബുധൻ എന്ന ഗ്രഹത്തിലേക്ക് 'സ്പീഡി'എന്ന റോബോട്ടുമായി പോകുന്ന രണ്ട് ഗഗനചാരികളുടെ കഥയാണിത്. ബുധന്റെ ഉപഗ്രഹത്തിൽ വർഷങ്ങൾക്കു മുമ്പ് സ്ഥാപിക്കുകയും പിന്നീട് പ്രവർത്തനം നിർത്തിവെക്കുകയും ചെയ്ത ഖനനനിലയം വീണ്ടും പ്രവർത്തിപ്പിക്കാനാണ് അവരുടെ യാത്ര. ഗ്രഹോപരിതലത്തിൽ തങ്ങളുടെ ജീവൻ നിലനിർത്താൻ സഹായിക്കുന്ന ഫോട്ടോ



സെൽബാങ്കിലെ സെലീനിയം തീർന്നുപോയതായി അവർ മനസ്സിലാക്കുന്നു. ഏതാനും കിലോമീറ്റർ അകലെ സെലീനിയം ശേഖരമുണ്ടെന്ന് മനസ്സിലാക്കുന്ന അവർ അവിടേക്ക് ‘സ്പീഡി’യെ പറഞ്ഞയക്കുന്നു. എന്നാൽ,‘സ്പീഡി’ മടങ്ങിയെത്തുന്നില്ല. ‘സ്പീഡി’യെ അന്വേഷിച്ച് അവർ അവിടെയെത്തിയപ്പോൾ ആ റോബോട്ട് സെലീനിയം ശേഖരത്തെ വലംവെക്കുന്നതല്ലാതെ അത് ശേഖരിക്കാൻ തയ്യാറാകുന്നില്ല. സാഹചര്യങ്ങൾക്കനുസൃതമായി കൂടി പെരുമാറാൻ ‘സ്പീഡി യെ തന്റെ ഉടമസ്ഥരെ അനുസരിക്കാൻ തയാറാകുന്നില്ല. സെലീനിയം ശേഖരത്തിലിറങ്ങുന്നത് തന്റെ ‘ജീവൻ’ അപകടത്തിലാക്കുമെന്നതിനാലാണ് ആ റോബോട്ട് അനുസരണക്കേട് കാണിക്കുന്നത്. ‘സ്പീഡി’ മനുഷ്യസഹജ സ്വഭാവം കാണിച്ചുവെന്നാണ് കഥാകാരൻ പറയുന്നത്. ഏറ്റവും ഒടുവിൽ, മറ്റൊരു മാർഗത്തിലൂടെ ഇരു യാത്രികരും സെലീനിയം ശേഖരിക്കുകയും തങ്ങളുടെ ദൗത്യം പൂർത്തിയാക്കുകയുമാണ് കഥാന്ത്യത്തിൽ.

ഈ കഥയിലൂടെതന്നെയാണ് അസിമോവ് തന്റെ പ്രസിദ്ധമായ ‘റോബോട്ടിക് നിയമങ്ങൾ’(ത്രീ ലോസ് ഓഫ് റോബോട്ടിക്സ്) ആവിഷ്കരിക്കുന്നതും; ആ നിയമങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം; ഒന്ന്, റോബോട്ടുകൾ മനുഷ്യരെ പരിക്കേൽപിക്കരുത്; ഏതെങ്കിലും പ്രവൃത്തിയിലൂടെയോ നിഷ്ക്രിയതയിലൂടെയോ മനുഷ്യന് അപകടം വരുത്തുകയും അരുത്. രണ്ട്, ഒന്നാം നിയമത്തിന് എതിരാകാത്ത കാലത്തോളം റോബോട്ടുകൾ മനുഷ്യ യജമാനന്മാരെ അനുസരിക്കാൻ നിർബന്ധമാണ്. ‘സ്പീഡി’യുടെ നിഷ്ക്രിയത്വവും അനുസരണക്കേടുമൊക്കെ വിവരിക്കുന്ന കഥാസന്ദർഭങ്ങളിലാണ് ഓരോ നിയമവും കഥയിലൂടെ വികസിച്ചത്. ഏഴ് പതിറ്റാണ്ടിനിപ്പുറം അസിമോവിന്റെ പ്രവചനങ്ങൾ അക്ഷരംപ്രതി ശരിയായിരിക്കുന്നു. മാത്രമല്ല, അദ്ദേഹം മുന്നോട്ടുവെച്ച നിയമങ്ങൾ ഇപ്പോഴത്തെ നിർമ്മിത ബുദ്ധി സംവാദത്തിൽ കൂടുതൽ പ്രസക്തമാവുകയും ചെയ്തിരിക്കുന്നു.

**നിർമ്മിത ബുദ്ധിയുടെ വർത്തമാനങ്ങൾ**

യന്ത്രങ്ങൾക്ക് ബുദ്ധിപൂർവം പ്രവർത്തിക്കാൻ കഴിയുമോ, യുക്തിയും ചിന്തയും ഉപയോഗിച്ച് ഒരു വിഷയം (പ്രോബ്ലം) പരിഹരിക്കാൻ യന്ത്രങ്ങൾക്കാകുമോ,



മനുഷ്യബുദ്ധിയും യന്ത്രബുദ്ധിയും സമാനമാണോ, മനുഷ്യ മസ്തിഷ്കത്തെ യഥാർഥത്തിൽ ഒരു സൂപ്പർ കമ്പ്യൂട്ടറിനോട് ഉപമിക്കാനാകുമോ, മനുഷ്യന്റേതിന് സമാനമായി യന്ത്രങ്ങൾക്ക് മനസ്സും ബോധവുമൊക്കെയുണ്ടോ തുടങ്ങിയ ചോദ്യങ്ങൾക്കാണ് നിർമ്മിത ബുദ്ധി സംബന്ധിച്ച ഗവേഷണങ്ങളിലൂടെ മൗലികമായി ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നത്. റോബോ എത്തിക്സിനെ ക്കുറിച്ച് ചർച്ചകളിലേക്കും ഈ ചോദ്യങ്ങൾ വിരൽ ചൂണ്ടുന്നുണ്ട്. അടുത്തിടെ ഗാർഡിയൻ പത്രത്തിൽവന്ന ഒരു ലേഖനം നിർമ്മിത ബുദ്ധിയുടെ വർത്ത മാനത്തെക്കുറിച്ച് മേൽപറഞ്ഞ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായ സൂചന നൽകുന്നുണ്ട്. നിർമ്മിത ബുദ്ധിയുടെ പ്രയോഗങ്ങൾ നമ്മുടെ ആരോഗ്യമേഖലയിൽ കുറഞ്ഞകാലത്തിനിടെ ഉണ്ടാക്കിയ മാറ്റങ്ങളാണ് ഇയാൻ സാംപിളിന്റെ ലേഖനത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്. രോഗികൾ പറയുന്ന രോഗലക്ഷണങ്ങളിൽ നിന്നും രക്തം പരിശോധിച്ചും കോശങ്ങളുടെ അസാധാരണത്വം മനസ്സിലാക്കിയുമെല്ലാം കൃത്യതയോടെ രോഗനിർണ്ണയം നടത്താൻ സാധിക്കുന്ന 'ഡോക്ടർ യന്തിരൻ'മാർ ഇതിനകം ജന്മമെടുത്തു കഴിഞ്ഞിരിക്കുന്നു. പലപ്പോഴും മനുഷ്യ ഡോക്ടർമാർ പരാജയപ്പെടുന്നിടത്ത് അവരെ സഹായിക്കുന്നവരായി 'ഇക്കൂട്ടർ' മാറിയിരിക്കുന്നു. കഴിഞ്ഞ വർഷം ആദ്യം നോട്ടിങ്ഹാം സർവ്വകലാശാലയിലെ ഗവേഷകർ വികസിപ്പിച്ച എ.ഐ. ഡോക്ടർ മികച്ചൊരു ഹൃദ്രോഗ വിദഗ്ധനായിരുന്നു. കാലിഫോർണിയയിലെ ഗവേഷകർ വികസിപ്പിച്ചെടുത്ത റോബോട്ടിക് ഡോക്ടർക്ക് സ്തനാർബുദം നിർണ്ണയിക്കാനുള്ള കഴിവുണ്ടായിരുന്നു. കോശ കലകളെ ബയോപ്സി ടെസ്റ്റിന് വിധേയമാക്കിയാണല്ലോ സാധാരണ രോഗനിർണ്ണയം നടത്തുക. കലകളിലെ നിരവധി ഘടകങ്ങൾ പരിശോധിക്കും. ഇവിടെയും അതുതന്നെയാണ് ചെയ്തത്. ആറായിരത്തിലധികം ഘടകങ്ങൾ പരിശോധിക്കാൻ ശേഷിയുള്ളവയാണ് ഈ റോബോട്ടുകൾ. അഥവാ, ഡോക്ടർമാരെക്കാൾ കാര്യപ്രാപ്തിയും വേഗവുമുണ്ടെന്നർഥം. മെഡിക്കൽ റെക്കോഡുകൾ മനസ്സിലാക്കി ചികിത്സ വിധിക്കുന്ന എ.ഐ. ഡോക്ടർമാരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനിച്ചു കഴിഞ്ഞു. മുന്നിലിരിക്കുന്ന ആളുടെ രോഗലക്ഷണങ്ങളും മെഡിക്കൽ റെക്കോഡുകളും



മാത്രമല്ല ഈ റോബോട്ടുകൾ കണക്കിലെടുക്കുക. ജനിതകപരമായി രോഗിക്കുള്ള പ്രത്യേകതകൾകൂടി കണക്കിലെടുത്താകും പരിശോധന നടത്തുക. മറ്റു രംഗങ്ങളിൽ എ.ഐ. സ്വകാര്യത ഹനിക്കുമ്പോൾ ചികിത്സാരംഗത്ത് നേരെ തിരിച്ചാണ് സംഭവിക്കുന്നത്. അതായത്, തങ്ങളുടെ സ്വകാര്യത ഒരു ഡോക്ടറോടുപോലും പങ്കുവെക്കേണ്ട സാഹചര്യമുണ്ടാകുന്നില്ല. അതേസമയം, ഈ റോബോട്ടുകൾ ശേഖരിക്കുന്ന വിവരങ്ങൾ ചോർന്നാലുള്ള പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കും. യൂനിവേഴ്സിറ്റി ഓഫ് ന്യൂ സൗത്ത്‌വെയിൽസിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രൊഫസർ തോബി വാഷ്, തന്റെ ‘ആൻഡ്രോയിഡ് ഡ്രീംസ്’ എന്ന പുസ്തകത്തിൽ ഇതുസംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്. ഭാവിയിൽ ഇത്തരം റോബോട്ട് ഡോക്ടർമാർ മനുഷ്യന്റെ സ്വകാര്യതക്കു മേൽ അധികാരം സ്ഥാപിക്കുമോ എന്ന ആശങ്കയാണ് അദ്ദേഹം മുഖ്യമായും പങ്കുവെക്കുന്നത്.

അമേരിക്കയിലെ പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഒരു ഗവേഷണ സ്ഥാപനമായ ‘ഡാർപ്’ (ഡിഫൻസ് അഡ്വാൻസ്ഡ് റിസർച്ച് പ്രോജക്ട്സ് ഏജൻസി) 2012 ൽ, ഒരു റിയാലിറ്റി ഷോ സംഘടിപ്പിക്കുകയുണ്ടായി. റോബോട്ടിക് ചലഞ്ച് എന്നായിരുന്നു അതിന്റെ പേര്. 2015 ജൂണിലാണ് ഈ റിയാലിറ്റി ഷോയുടെ ഗ്രാന്റ് ഫിനാലെ നടന്നത്. ദുരന്തമേഖലകളിൽ ചെന്ന് രക്ഷാപ്രവർത്തനം നടത്താൻ കഴിയുന്ന ഏറ്റവും മികച്ച ഹ്യൂമനോയിഡ് റോബോട്ടുകൾ നിർമ്മിക്കാനാണ് സംഘാടകർ മത്സരാർഥികളോട് ആവശ്യപ്പെട്ടത്. പാചക വാതക പ്ലാന്റുകളിലും മറ്റും അപകടമുണ്ടായാൽ അവിടെ ചെന്ന് സ്വന്തം നിലയിൽ തന്നെ രക്ഷാപ്രവർത്തനം ചെയ്യാൻ കഴിയുന്ന, ബോസ്റ്റൺ ഡൈനാമിക്സ് എന്ന കമ്പനി നിർമ്മിച്ച അറ്റ്ലസ് എന്ന റോബോട്ടാണ് മത്സരത്തിൽ വിജയിച്ചത്. പ്ലാന്റിൽ ചോർച്ചയുണ്ടാകുകയാണെങ്കിൽ സ്വന്തം നിലയിൽ തന്നെ വാൽവുകൾ പ്രവർത്തിപ്പിക്കുന്നതിനും പ്ലാന്റിലെ ആളുകളെ ഒഴിപ്പിക്കുന്നതിനും മറ്റും ഈ റോബോട്ടിന് സാധിക്കും. 2011-ൽ ജപ്പാനിലെ ഫുകുഷിമയിലെ ആണവ നിലയത്തിലുണ്ടായ അപകടത്തിന് സമാന സംഭവങ്ങളുണ്ടായാൽ അവിടെ പ്രവർത്തിപ്പിക്കാവുന്ന റോബോട്ടുകളെ അവതരിപ്പിച്ച ഹ്യൂബോ എന്ന ദക്ഷിണ



കൊറിയൻ കമ്പനിയാണ് റോബോട്ടിക് ചലഞ്ചിലെ മറ്റൊരു ഫൈനലിസ്റ്റ്. എത്രതന്നെ സുരക്ഷാ കവചങ്ങളുണ്ടെങ്കിലും ആണവദുരന്തമുണ്ടായ കേന്ദ്രങ്ങളിലൊന്നും മനുഷ്യന് രക്ഷാപ്രവർത്തനം നടത്താൻ കഴിയില്ലല്ലോ. ഇവിടെയാണ് എ.ഐ. കൂടുതൽ പ്രസക്തമാകുന്നത്. മനുഷ്യന്റെ ഇടപെടലുകൾ അസാധ്യമായ മേഖലയിലേക്ക് ഒരു സഹായിയായി കടന്നുചെല്ലാൻ ഈ സാങ്കേതികവിദ്യയിലൂടെ റോബോസാപിയനുകൾക്ക് കഴിയും. ഏറെ ആശങ്കകൾക്കിടയിലും നിർമ്മിത ബുദ്ധിയുടെ ഏറ്റവും വലിയ സാധ്യതയായി ഇത് നിലനിൽക്കുന്നു.

നിർമ്മിത ബുദ്ധി സംബന്ധിച്ച ആശങ്കകളിൽ ഏറ്റവും പ്രധാനപ്പെട്ടതായി പറയുന്നത് അതുണ്ടാക്കുന്ന തൊഴിൽ നഷ്ടമാണ്. അടുത്ത രണ്ട് പതിറ്റാണ്ടിനുള്ളിൽ അത് പ്രകടമാകുമെന്നാണ് കരുതുന്നത്. അതുകൊണ്ടുതന്നെ, ഒരോ രാജ്യവും എ.ഐ.പോളിസിക്ക് രൂപം നൽകി ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധികളെ എങ്ങനെ മറികടക്കാമെന്ന് ആലോചിക്കുകയാണ്. ചൂടുപിടിച്ച ബ്രെക്സിറ്റ് ചർച്ചയിലെ പ്രധാന ഇനങ്ങളിലൊന്നാണ് എ.ഐ. പ്രമുഖ ജർമ്മൻ എ.ഐ. ഗവേഷകനായ യുർഗൻ ഷ്മിദൂബറടക്കമുള്ളവരുടെ നിരീക്ഷണങ്ങൾ ഇവിടെ പരാമർശമർഹിക്കുന്നുണ്ട്. അവരുടെ അഭിപ്രായങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം: സാങ്കേതിക വിദ്യയിലെ ഏതൊരു മാറ്റവും ഇത്തരം തൊഴിൽനഷ്ടങ്ങൾ ഉണ്ടാക്കാറുണ്ട്. കമ്പ്യൂട്ടർവത്കരണകാലത്തെ തൊഴിൽ നഷ്ട ചർച്ചകൾ ഓർക്കുക. ആദ്യഘട്ടത്തിൽ തൊഴിൽനഷ്ടം സംഭവിച്ചെങ്കിലും പിന്നീട് വലിയ തൊഴിൽ വിപ്ലവമാണ് കമ്പ്യൂട്ടർവത്കരണം സൃഷ്ടിച്ചത്. ഇൻഡസ്ട്രിയൽ റോബോട്ടുകൾ വലിയ തൊഴിൽനഷ്ടം സൃഷ്ടിച്ചുവെന്നത് ശരിയാണ്. പക്ഷേ, റോബോട്ടിക്സ് സാങ്കേതിക വിദ്യ ലക്ഷക്കണക്കിന് തൊഴിലവസരങ്ങളാണ് ജപ്പാനിലും ജർമ്മനിയിലും ദക്ഷിണ കൊറിയയിലും സൃഷ്ടിച്ചത്. ഇപ്പോഴുണ്ടായേക്കാവുന്ന തൊഴിൽനഷ്ടങ്ങളെ ഒരു പക്ഷേ, നമുക്ക് കൃത്യമായി കണക്കാക്കാനാകും. പക്ഷേ, വരാനിരിക്കുന്ന തൊഴിൽ സാധ്യതകൾ കണ്ടറിയണമെന്ന് ചുരുക്കം.

ഈ സാധ്യതകൾക്കിടയിലും നിർമ്മിതബുദ്ധി സൃഷ്ടിച്ചേക്കാവുന്ന അപകടങ്ങളെക്കുറിച്ച് ശാസ്ത്രലോകം മുന്നറിയിപ്പ് നൽകുന്നുണ്ട്.

FOCUS



നിർമ്മിതബുദ്ധിയുടെ ആയുധവത്കരണമാണ് അത്തരം അപകടങ്ങളിൽ ഒന്ന്. പല രാജ്യങ്ങളും ഈ സാങ്കേതിവിദ്യ ഉപയോഗപ്പെടുത്തി 'റോബോട്ട് സേന'യെ വികസിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണെന്ന് വിവിധ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട്. ഇത്തരം റോബോട്ടുകൾ മുൻകൂട്ടി തയ്യാറാക്കിയ പ്രോഗ്രാമുകളുടെ അടിസ്ഥാനത്തിൽ മാത്രമാകില്ല പ്രവർത്തിക്കുക. അവർ സ്വന്തം നിലയിൽ കാര്യങ്ങൾ തീരുമാനിച്ച് മുന്നോട്ടു നീങ്ങിയാൽ കാര്യങ്ങൾ അത്യന്തം അപകടത്തിലാകുമെന്ന് ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു. എ.ഐ. അധിഷ്ഠിത ആയുധനിർമ്മാണങ്ങൾക്കും പല വികസിത രാജ്യങ്ങളും ഫണ്ട് ചെയ്യുന്നുണ്ട്. ഓട്ടോണമസ് ഡ്രോൺ ആയുധങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണം പുരോഗമിക്കുകയാണെന്ന് അമേരിക്കൻ നേവി അടുത്തിടെ വെളിപ്പെടുത്തിയിരുന്നു. സമാന ഗവേഷണങ്ങൾ റഷ്യയിലും കൊറിയയിലും നടക്കുന്നുണ്ട്. മനുഷ്യ നിയന്ത്രിത ആയുധങ്ങളെക്കാൾ എ.ഐ. ആയുധങ്ങൾ അപകടം വിതയ്ക്കുമെന്ന് മുന്നറിയിപ്പ് നൽകിയവരിൽ സ്റ്റീഫൻ ഹോക്കിങ്ങും മാക്സ് തെഗ്മാർകുമുണ്ട്. ചുരുക്കത്തിൽ, നിർമ്മിത ബുദ്ധി മാനവരാശിക്ക് പ്രതീക്ഷക്കൊപ്പം വലിയ സങ്കീർണ്ണതകളും സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ, വരുംവർഷങ്ങളിൽ ഇതേക്കുറിച്ച് ചർച്ചകൾ ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും പരിധികളിൽ ഒതുങ്ങിനിൽക്കില്ല. സാമ്പത്തികവും രാഷ്ട്രീയവും നയതന്ത്രപരവുമായ പുതിയ ഒരു ലോകക്രമത്തെക്കുറിച്ചുള്ള സംവാദങ്ങളിലേക്കാണ് എ.ഐ. യുടെ ജാലകങ്ങൾ തുറന്നിട്ടിരിക്കുന്നത്.

**മാധ്യമം ആഴ്ചപ്പതിപ്പ്,**
**08-15 ജനുവരി 2018.**

FOCUS



# പാപ്പരത്ത നിയമം : ഒരു വിശകലനം

ഡോ. മേരി ജോർജ്ജ്

ഇന്ത്യയിൽ ശക്തവും കെട്ടുറപ്പുള്ളതുമായൊരു ബാങ്കിംഗ് സമ്പ്രദായം നിലനിന്നിരുന്നു. എന്നാൽ അടുത്തിടെയുണ്ടായ യു.എൻ. വായ്പാ റേറ്റിംഗ് ഏജൻസിയുടെ കണ്ടെത്തലനുസരിച്ച് ഇന്ത്യയിൽ ബാങ്കുകൾ കൊടുത്തിരിക്കുന്ന വായ്പകളിൽ 36 ശതമാനം കിട്ടാക്കടങ്ങളാവാൻ സാദ്ധ്യതയുള്ളവയാണ്. അന്താരാഷ്ട്ര ധനകാര്യ സ്ഥാപന റേറ്റിംഗ് ഏജൻസിയായ ഫിച്ച് (Fitch) ഇന്ത്യൻ ബാങ്കുകൾക്ക് 'നെഗറ്റീവ്' റേറ്റിംഗ് ആണ് നൽകിയിരിക്കുന്നത്. ബാങ്കുകളുടെ അന്താരാഷ്ട്ര നിയന്ത്രണ ഏജൻസിയായ 'ബാസൽ' അതിന്റെ Basel - III കരാർ പ്രകാരം ഇന്ത്യൻ ബാങ്കുകളുടെ മൂലധനശേഷി വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ശക്തമായ ധനകാര്യ അടിത്തറ സമ്പദ്ഘടനയുടെ സുസ്ഥിരതയാണ് ഉയർത്തിപ്പിടിക്കുന്നത്. അതിനായാണ് കേന്ദ്രഗവൺമെന്റ് അടുത്തിടെ 2,11,000 കോടിയുടെ പാക്കേജുമായി പൊതുമേഖല ബാങ്കുകളുടെ മൂലധന ശേഷി വർദ്ധിപ്പിക്കുവാൻ മുന്നിട്ടിറങ്ങിയത്.

ലോകബാങ്ക് തയ്യാറാക്കിയ 'ഈസ് ഓഫ് റിസോൾവിങ് ഇൻസോൾവൻസി ഇൻഡക്സ്' അനുസരിച്ച് 189 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 163-ാം സ്ഥാനത്താണ്. ഇന്ത്യയിലേക്കുള്ള വിദേശ മൂലധനത്തിന്റെ ഒഴുക്കിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളിൽ ഒന്നാണിത്. ഇന്ത്യയിൽ ശക്തവും സുതാര്യവുമായ പാപ്പരത്തനിയമം ഇല്ലെന്നുള്ള വാസ്തവം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവിടെ നിലനിന്നിരുന്നവ കാലഹരണപ്പെട്ടവയായിരുന്നു. അതിന് ഇന്ത്യ വലിയ വിലകൊടുക്കേണ്ടി വന്നു. കിങ്ഫിഷർ എയർലൈൻസിന്റെ 9000 കോടി കിട്ടാക്കടമായതും അതിന്റെ ഉടമ വിദേശത്തേക്ക് രക്ഷപ്പെട്ടതും മറക്കാറായിട്ടില്ല. വായ്പകൾ മനഃപൂർവ്വം തിരിച്ചടയ്ക്കാത്തവർ അവ തിരിച്ചു പിടിക്കാനാവാത്ത രീതിയിൽ വിദേശരഹസ്യ ആസ്തികളാക്കി മാറ്റുന്നതിന് മുമ്പുതന്നെ കണ്ടെത്തി വസൂലാക്കാൻ ശക്തമായ പാപ്പരത്ത നിയമം ആവശ്യമാണ്. എങ്കിൽ മാത്രമേ ധനകാര്യസ്ഥാപനങ്ങളുടെ കെട്ടുറപ്പും നിക്ഷേപകരുടെ വിശ്വാസവും നിലനിർത്തി ധനകാര്യമേഖലയുടെ സുസ്ഥിര വളർച്ച ഉറപ്പാക്കാനാവുകയുള്ളൂ. ഈ പശ്ചാത്തലത്തിൽ വേണം 2017 നവംബർ 23-ന് രാഷ്ട്രപതി ഒപ്പുവച്ച പാപ്പരത്ത നിയമം വിശകലനം ചെയ്യാൻ.



## ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്സി കോഡിന്റെ (IBC) പശ്ചാത്തലം

2008 ൽ ആഗോളതലത്തിലുണ്ടായ ബാങ്ക് പ്രതിസന്ധി ധനകാര്യ വ്യവസ്ഥയെ തന്നെ അസ്ഥിരപ്പെടുത്തുന്ന വിധം കാഠിന്യമുള്ളതായിരുന്നു. ജി-20 രാഷ്ട്രങ്ങൾ ബ്രിസ്ബെയിൻ സമ്മേളനത്തിൽ (2014) ഒരു ഫിനാൻഷ്യൽ സ്റ്റെബിലിറ്റി ബോർഡ് (FSB) സ്ഥാപിച്ചു ഇന്ത്യ ഉൾപ്പെടെയുള്ള അംഗരാജ്യങ്ങൾ സ്വന്തം രാജ്യത്ത് അത്തരമൊരു ബോർഡ് പ്രവർത്തനക്ഷമമാക്കാൻ നിർദ്ദേശിച്ചു. 2009 -ൽ ഇന്ത്യയിലും എഫ്.എസ്.ബി. സ്ഥാപിതമായി. ബ്രിസ്ബെയിൻ സമ്മേളനം ഓരോ രാജ്യത്തും പ്രതിസന്ധിയിലാവുന്ന ധനകാര്യ സ്ഥാപനങ്ങളെ സംരക്ഷിച്ചെടുക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചു. ജി-20 ഫിനാൻഷ്യൽ സ്റ്റെബിലിറ്റി ബോർഡിന്റെ 2016 ലെ ഒത്തുചേരലിൽ അംഗരാജ്യങ്ങളിലെ ഫിനാൻഷ്യൽ സ്റ്റെബിലിറ്റി ബോർഡുകളുടെ പ്രവർത്തനം, നിലവിലിരിക്കുന്ന നിയന്ത്രണ പരിഷ്കരണങ്ങൾ എന്നിവ ചർച്ച ചെയ്യപ്പെട്ടു. വികസ്വര അംഗരാജ്യങ്ങളിൽ ധനകാര്യ സ്ഥാപനങ്ങൾ കിട്ടാക്കടത്തിന്റെ പിടിയിലാണെന്നും സുസ്ഥിരധനകാര്യമേഖല എന്ന നിലയിലെത്താൻ നിരവധി സുഷിരങ്ങൾ അടയ്ക്കേണ്ടതുണ്ടെന്നും മൂലധനശേഷി കൂട്ടേണ്ടതുണ്ടെന്നും കണ്ടെത്തി. ആഗോള റേറ്റിംഗ് ഏജൻസികൾ വിലയിരുത്തുന്ന ഇത്തരം ഗൗരവമേറിയ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം നിർദ്ദേശിക്കപ്പെട്ടു. വൻകടക്കാരിൽ നിന്ന് അവരുടെ ആസ്തികൾ പിടിച്ചെടുക്കാൻ നിയമ നിർമ്മാണം അനിവാര്യമാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. ഓരോ അംഗരാജ്യവും എടുത്ത നടപടികൾ എഫ്. എസ്.ബി.ക്ക് ഡിസംബർ 2016-നു മുമ്പ് റിപ്പോർട്ട് ചെയ്യണമെന്നും ധാരണയായി. ഇതേതുടർന്നാണ് ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്സി കോഡ് 2016 -ൽ പാർലമെന്റിൽ അവതരിപ്പിച്ചതും ഭേദഗതികളോടെ 2017 നവംബറിൽ നിയമമായതും, ബാങ്കുകളെ രക്ഷിച്ചെടുക്കുന്നതിനാണ് ഐബിസി നിലവിൽ വന്നത്. ഏതു സാഹചര്യത്തിലും രണ്ടാം സ്ഥാനമേ നിക്ഷേപകർക്കുള്ളൂ. 14,70,000 കോടി കിട്ടാക്കടങ്ങളാണ് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത്. അതു മുഴുവനും നിക്ഷേപകരുടെ പണമാണ്.



## ഐ.ബി.സി. നിയമത്തിന്റെ ഒന്നാംഘട്ടം

പാപ്പരത്ത നിയമം രണ്ടുഘട്ടങ്ങളിലായാണ് പ്രവർത്തിക്കുന്നത്. പാപ്പരത്ത പ്രമേയം മുന്നോട്ടു വയ്ക്കുന്നതിന്റെ ആദ്യഘട്ടമായി കടക്കാരൻ സ്ഥാപനം തുടർന്നു പ്രവർത്തിക്കാനുള്ള സാദ്ധ്യതകൾ എത്രത്തോളമുണ്ട്, ആദായകരമാക്കാനൊക്കുമോ, വിപണിമൂല്യം എത്രവരെ, പുനരുദ്ധരിക്കാനുള്ള സാദ്ധ്യതകൾ എന്തൊക്കെ എന്നീ കാര്യങ്ങളൊക്കെ നിരീക്ഷണ പരീക്ഷണങ്ങൾക്കു വിധേയമാക്കി നിഗമനങ്ങളിലെത്തുന്നു.

## ഐ.ബി.സി.യുടെ രണ്ടാംഘട്ടം

ഒന്നാംഘട്ടത്തിലെ നിരീക്ഷണം തുടർപ്രവർത്തനത്തിന് പച്ചക്കൊടി കാട്ടുന്നില്ല. പാപ്പരത്ത നിയമാനുസൃതം സ്ഥാപനം നിറുത്തലാക്കുകയാണ് അഭികാമ്യം എന്ന നിഗമനത്തിലെത്തിച്ചേരുന്നതോടെ രണ്ടാംഘട്ടം ആരംഭിക്കുകയായി. ഈ ഘട്ടത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ അല്ലെങ്കിൽ വ്യക്തിയുടെ ആസ്തികൾ ഏറ്റെടുക്കാൻ തീരുമാനമാവുന്നു. പാപ്പരത്ത പ്രമേയവുമായി മുന്നോട്ട് പോകുന്നത് ബാങ്കിന്റെ ഭാഗത്തുള്ള കൂട്ടായ യജ്ഞമാണ്. എങ്കിൽ മാത്രമേ മനഃപൂർവ്വം കടംവാങ്ങിയതു തിരികെ കൊടുക്കാതെ രഹസ്യമായി ആസ്തികൾ സൃഷ്ടിച്ച് മുന്നേറുന്ന അഥവാ, യഥാർത്ഥത്തിൽ ദുഃസ്ഥിതിയിലായ വ്യക്തിയെ/സ്ഥാപനത്തെ വരുതിയിലാക്കി കഴിയുന്നത്ര ആസ്തികൾ തിരിച്ചുപിടിക്കാനാവൂ.

## നടപടിക്രമങ്ങൾ:

1. ഒരു ധനകാര്യ സ്ഥാപനം പാപ്പരത്ത പ്രമേയം ദേശീയ കമ്പനി നിയമ ട്രൈബ്യൂണലിനു (National Company Law Tribunal(NCLT)) മുമ്പിൽ അവതരിപ്പിക്കുന്നു. കടക്കാരനായ വ്യക്തിക്കോ കമ്പനിയുടെ ഓഹരി ഉടമകൾക്കോ അവർക്ക് അനുകൂല വിധികിട്ടാനും സ്ഥാപനം തുടർന്നു പോകുന്നതിന് അനുമതി കിട്ടാനും വേണ്ടി പ്രമേയവുമായി NCLT-യെ സമീപിക്കാം.



2. മോറട്ടോറിയം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതോടെ സ്ഥാപനം പ്രവർത്തനം നിറുത്തിവയ്ക്കുന്നു. പാപ്പരത്ത പ്രമേയത്തിന്മേൽ അവസാന തീർപ്പാകുന്നതുവരെ ഇതു തുടരും. ഈ കാലഘട്ടത്തിൽ സ്ഥാപനത്തിനെതിരെ ബാങ്ക് ജപ്തി നടപടികളോ മറ്റോ എടുക്കാൻ പാടില്ല.

3. പാപ്പരത്ത ഹർജിയുമായി മുന്നോട്ടു പോകാനുള്ള ഉദ്യോഗസ്ഥരുടെ നീക്കം മറ്റൊരു പ്രധാനഭാഗമാണ്. കടക്കാരനായ കമ്പനിയുടെ സ്ഥാപനം ഏറ്റെടുത്ത്, ക്രെഡിറ്റേഴ്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നടത്തിക്കൊണ്ടു പോവുകയെന്നത് ഈ ഉദ്യോഗസ്ഥരുടെ പ്രധാന ചുമതലകളിൽ ഒന്നാണ്. ഈ രീതി ബ്രിട്ടന്റെ പാപ്പരത്ത നിയമത്തിനെ ചുവടുപിടിച്ചുള്ളതാണ്. നേരെമറിച്ച് യു.എസ്. പാപ്പരത്തനിയമമനുസരിച്ച് കടക്കാരന്റെ കമ്പനി മാനേജ്മെന്റ് തന്നെയാണ് മോറട്ടോറിയം കാലത്തും സ്ഥാപനം നടത്തിക്കൊണ്ടുപോകേണ്ടത്.

പാപ്പരത്ത ഹർജി ഉദ്യോഗസ്ഥർ ഒരു ക്രെഡിറ്റേഴ്സ് കമ്മിറ്റി രൂപീകരിക്കുന്നു. ഈ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് 2/3 ഭൂരിപക്ഷമുണ്ടെങ്കിലേ നിയമ പ്രാബല്യമുണ്ടാകുകയുള്ളൂ. ഭൂരിപക്ഷ തീരുമാനം കടക്കാരനും അയാളുടെ ഉദ്യോഗസ്ഥരോ ഓഹരി ഉടമകളോ ആരുതന്നെ ആയാലും അനുസരിച്ചേ പറ്റൂ. ക്രഡിറ്റേഴ്സ് കമ്മിറ്റി സ്ഥാപനത്തിന്റെ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കും. അതിനു മുമ്പേ തന്നെ പുനരുദ്ധാരണമോ അടച്ചുപൂട്ടലോ ഏതാണഭികാമ്യം എന്ന തീരുമാനത്തിലെത്തിയിരിക്കും. ആർക്കുവേണമെങ്കിലും പുനരുദ്ധാരണ നിർദ്ദേശം കൊണ്ടുവരാം. എന്നാൽ കടം തിരിച്ചു പിടിക്കുന്നതിനുള്ള ക്രിയാത്മകവും യാഥാർത്ഥ്യ ബോധമുള്ളതുമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടായിരിക്കണം. എന്നാൽ ഐ.ബി.സി. പുനരുദ്ധാരണ പദ്ധതികൾ എങ്ങനെ ആയിരിക്കണം എന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ എടുത്തു പറയുന്നില്ല.

**ലിക്വിഡേഷൻ അഥവാ കമ്പനി നിറുത്തലാക്കൽ**

പുനരുദ്ധാരണം ഫലം ചെയ്യുകയില്ല എന്നുറപ്പാവുന്ന സാഹചര്യങ്ങളിലാണ് കമ്പനിയുടെ അടച്ചുപൂട്ടലിലേക്ക് നീങ്ങുന്നത്. ഇതിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ താഴെ പറയുന്നവയാണ്.



1. 75 ശതമാനം ക്രെഡിറ്റേഴ്സ് കമ്മിറ്റി അംഗങ്ങളും അടച്ചുപൂട്ടൽ അനുകൂലിക്കുക.

2. പുനരുദ്ധാരണത്തിനുളള പദ്ധതി ക്രെഡിറ്റേഴ്സ് കമ്മിറ്റി 180 ദിവസത്തിനകം (+90 ദിവസത്തെ ഗ്രെയ്സ് പീരിയഡ്) അംഗീകരിക്കാതിരിക്കുക.

3. NCLT പുനരുദ്ധാരണ പാക്കേജ് സാങ്കേതിക കാരണങ്ങളാൽ അംഗീകരിക്കാതിരിക്കുക.

4. ധനകാര്യ സ്ഥാപനം നിയമം അനുസരിക്കാൻ തയ്യാറാവാതിരിക്കുകയും ക്രെഡിറ്ററുടെ ഭാഗത്തു നിന്നുളള ഏതെങ്കിലുമൊരു പാർട്ടി (നഷ്ടം അനുഭവിച്ചവൻ) ലിക്വിഡേഷൻ ആവശ്യപ്പെട്ട് NCLT-യെ സമീപിക്കുകയും ചെയ്യുക. ഇത്തരം സാഹചര്യങ്ങളിൽ NCLT അടച്ചുപൂട്ടലിന് ഉത്തരവിടും.

അടച്ചുപൂട്ടൽ ഉത്തരവിട്ടു കഴിഞ്ഞാൽ കടക്കാരനെതിരായുളള നിയമനടപടികൾ നിർത്തിവയ്ക്കും. കടക്കാരന്റെ ആസ്തികളെല്ലാം ലിക്വിഡേഷൻ എസ്റ്റേറ്റിന്റെ ഉത്തരവാദിത്വത്തിൽ ആയിത്തീരും.

**ഐ.ബി.സി.യ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ.**

1. The Insolvency Regulator : ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്സി കോഡിന്റെ നിർദ്ദേശപ്രകാരം ഒരു Insolvency and Bankrupty Board of India സ്ഥാപിക്കപ്പെട്ടു.

**സ്ഥാപനത്തിന്റെ കർത്തവ്യങ്ങൾ** :

1. ഇൻസോൾവൻസി ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വേണ്ട തിരുത്തലുകൾ നിർദ്ദേശിക്കുക.

2. പാപ്പരത്ത ഹർജിയുടെ പുരോഗതി വിലയിരുത്തി, തിരുത്തലുകൾ, വേണ്ടപ്പോൾ വരുത്തുക.

അടിസ്ഥാന സൗകര്യങ്ങളിലെ മറ്റൊരു കണ്ണി മുകളിൽ പ്രതിപാദിച്ച പാപ്പരത്ത പ്രമേയ ഉദ്യോഗസ്ഥരാണ്. ഇവർ സ്വകാര്യ പ്രൊഫഷണൽസ് ആണ്. ഇവരാണ് ക്രെഡിറ്ററുടെ അവകാശവാദങ്ങൾ (Claims) പരിശോധിക്കുന്നത്.



ക്രെഡിറ്റേഴ്സ് കമ്മിറ്റി രൂപീകരിക്കുക, കടക്കാരൻ കമ്പനിയുടെ തുടർ നടത്തിപ്പിന്റെ ചുമതല ഏറ്റെടുക്കുക, പുനഃരുദ്ധാരണ പദ്ധതിയോ അടച്ചു പൂട്ടലോ ഏതാണ് കരണീയമെന്ന് പരിശോധിച്ച് തീരുമാനമെടുക്കുക തുടങ്ങിയ കടമകൾ ഇവരാണ് കയ്യാളുന്നത്.

3. Information utilities : വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവശ്യമായ ഡാറ്റ സ്വരൂപീകരിക്കുക, ഒത്തുനോക്കുക, കേന്ദ്രീകൃത ഇലക്ട്രോണിക് ഡാറ്റാ ബേസിലേക്ക് സ്വരൂപിച്ച അടിസ്ഥാന വിവരങ്ങൾ എത്തിക്കുക.

4. Adjudicatory Authority യാണ് അടുത്തകണ്ണി. ഇത് NCLTയാണ്. പുനർവിചാരണ ആവശ്യപ്പെട്ടാൽ അപേക്ഷ NCLT വഴി National Company Law Appellate Tribunal -ലേക്കു കൈമാറും. അവിടം കൊണ്ടു തീരുന്നില്ലെങ്കിൽ സുപ്രീംകോടതിയിലേക്ക് പരാമർശിക്കപ്പെടും.

**പാപ്പരത്തനിയമത്തിന്റെ (IBC) മുൻഗണനകൾ**

പഴയ പാപ്പരത്ത നിയമത്തിൽ നിന്ന് വ്യത്യസ്തമായി പുതിയ ഐ.ബി.സി-യുടെ മുൻഗണനകളിൽ മാറ്റമുണ്ട്. പാപ്പരായി പ്രഖ്യാപിക്കപ്പെട്ട കമ്പനിയുടെ ആസ്തികൾ വിറ്റുകിട്ടുന്ന തുകയിൽനിന്ന് പാപ്പരത്ത ഹർജിക്കു ചെലവായ തുക ഈടാക്കലിനാണ് പ്രഥമ പരിഗണന. അടുത്ത മുൻഗണന ഈടുള്ള വായ്പകൾ തിരിച്ചു കൊടുക്കലിനാണ്. തുടർന്ന് തൊഴിലാളികളുടെ 24 മാസത്തെ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതിനാണ്. അതിനും താഴെ ഉദ്യോഗസ്ഥർക്ക് നൽകാനുള്ളത്, തുടർന്ന് ഈടില്ലാത്ത വായ്പ കൊടുത്തവരുടെ (അതായത് യഥാർത്ഥ നിക്ഷേപകർ) പ്രശ്നപരിഹാരമാണ്. പഴയ പാപ്പരത്ത നിയമപ്രകാരം ഈടുള്ള വായ്പകൾക്കും, തൊഴിലാളികൾക്കും തൊട്ടടുത്ത മുൻഗണന ഗവൺമെന്റ് ഡ്യൂസ് തീർക്കുന്നതിലായിരുന്നു. ഇപ്പോൾ അത് ഏറ്റവും താഴേക്ക് തളളപ്പെട്ടു.

പുതിയ പാപ്പരത്ത നിയമം കിട്ടാക്കടങ്ങളെ എത്രയും ചുരുങ്ങിയ കാലയളവിൽ തിരിച്ചറിയാനും കടക്കാരന്റെ ആസ്തിനിയമം ചെന്നെത്താത്ത (എത്താൻ ബുദ്ധിമുട്ടുള്ള) മേഖലകളിലേക്ക് ഒളിപ്പിക്കുന്നതിനും മുമ്പേ കണ്ടുകെട്ടുന്നതിനും പിടിച്ചെടുക്കുന്നതിനും ഒരു പരിധിവരെ സാഹചര്യമൊരുക്കുന്നു.



മറ്റൊരു സവിശേഷത കടം തിരിച്ചു നൽകാത്ത വ്യക്തി രാജ്യം വിട്ടുപോയാലും അന്താരാഷ്ട്ര പാപ്പരത്തനിയമം ഇന്ത്യൻ പാപ്പരത്ത നിയമത്തോട് ചേർന്ന് പ്രവർത്തിക്കാനും കടക്കാരനെ കുരുക്കാനുമുള്ള സൗകര്യമാണ്.

കുറഞ്ഞകാലം കൊണ്ട് നിയമയുദ്ധം അവസാനിപ്പിച്ച് വിധി നടപ്പാക്കാനുള്ള സാധ്യതയാണ് ഏറെ ആശ്വാസം നൽകുന്നത്.

**പാപ്പരത്ത നിയമം കുറ്റമറ്റതല്ല**

കേന്ദ്രബാങ്കിന്റെ അനുഗ്രഹാശിസ്സുകളോടെ നിലവൽ വന്ന പാപ്പരത്ത നിയമം കേന്ദ്രബാങ്കിന്റെ തന്നെ ചുവടുമാറ്റത്തിന്റെ ദൃഷ്ടാന്തമാണ്. 1934– ലെ ആർ.ബി.ഐ.ആക്ട് അനുസരിച്ച് വാണിജ്യ ബാങ്കുകളുടെ മേൽനോട്ടവും നിയന്ത്രണവുമാണ് കേന്ദ്രബാങ്കിൽ നിക്ഷിപ്തമായിരിക്കുന്നത്. കേന്ദ്രബാങ്ക് നിയമത്തിൽ പ്രാമുഖ്യം കൊടുത്തിട്ടുള്ള നിക്ഷേപ ഇൻഷുറൻസ് മുൻഗണന പുറകോട്ടു തള്ളപ്പെടുകയും ആ സ്ഥാനം ബാങ്കിംഗ് വ്യവസായത്തിന്റെ സുസ്ഥിരത നേടുകയും ചെയ്തിരിക്കുന്നു.

ഒരു സാധാരണക്കാരൻ വലിയ പ്രതീക്ഷയോടെ ഭാവി സുരക്ഷക്കുവേണ്ടി, ബാങ്കിൽ പണം നിക്ഷേപിക്കുമ്പോൾ ഒരിക്കലും ചിന്തിക്കുകയില്ല ബാങ്കു പൊളിഞ്ഞാൽ തന്റെ സമ്പാദ്യം ജലരേഖയായി പരിണമിക്കുമെന്ന്. ഇന്ത്യയിൽ അത്തരമൊരു സാഹചര്യമുണ്ടായാൽ ഒരു ലക്ഷം രൂപവരെ മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ(ണ)യിൽ വരുന്നത്. പാപ്പരത്ത നിയമത്തിൽ പാപ്പരാകുന്ന സ്ഥാപനത്തിന്റെ സ്ഥാവരജംഗമങ്ങൾ വിറ്റുകിട്ടുന്നതിൽ നിക്ഷേപകർ പരിഗണിക്കപ്പെടുന്നത് ഇതുവരെ ഏറ്റവും അവസാനമായിരുന്നു. ഇപ്പോൾ അല്പം മാറ്റം വന്നിട്ടുണ്ട്. അതായത് നിക്ഷേപകരുടെ ഡ്യൂസ് കൊടുത്തു തീർത്തിട്ടേ ഗവൺമെന്റിനുള്ളത് ലഭിക്കൂ എന്ന ആശ്വാസം മാത്രം വന്നിട്ടുണ്ട്.

വൻകോർപ്പറേറ്റുകൾക്കും മറ്റും വൻവായ്പ കൊടുത്തിട്ടു കിട്ടാക്കടമാവാൻ ഒരു വലിയ അളവുവരെ കാരണമാകുന്നത് വേണ്ടത്ര തുടർനടപടി ഇല്ലായ്മയാണ്. ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ കൈമടക്കുകൾ വാങ്ങി, കടം വാങ്ങിയവ നൊത്ത് ഗമിക്കുന്നു. അതുകൊണ്ട് പാപ്പരാവുന്നതിന് ബാങ്കുദ്യോഗസ്ഥരും ഉത്തരവാദികളാണ്. അവരുടെ മുൻഗണനയ്ക്കും മീതെ വരേണ്ടത് നിക്ഷേപകരുടെ



മുൻഗണനയാണ്. അല്ലാത്തപക്ഷം ദിവസക്കൂലിയിൽ ജോലി ചെയ്യുന്നവരും, പെൻഷൻ മിച്ചം വച്ചവരും, പെൻഷൻ ലഭ്യമല്ലാത്ത തൊഴിലിലേർപ്പെടുന്നവരും, വാർദ്ധക്യകാലം ദുഃഖകരമാകാതിരിക്കാൻ നിക്ഷേപിച്ച പണമാവാം നഷ്ടപ്പെടുന്നത്. അന്യനാടുകളിൽ പോയി അർദ്ധപട്ടിണിയിൽ അദ്ധ്വാനിച്ചുണ്ടാക്കി തിരിച്ചുവരുമ്പോൾ പട്ടിണി കിടക്കാതിരിക്കാൻ നിക്ഷേപിച്ച പ്രവാസികളുടെ പണവും നഷ്ടപ്പെടാം.

**യോജന**

**ജനുവരി 2018.**



# Rural Banking : Translating Vision to Reality

**Manjula Wadhwa**

As the Father of our Nation said, 'India lives in villages', Rural Development is the sinequa-non of the overall development of India. Since independence, it has been the constant endeavour of our policy makers to give adequate thrust to bringing rural prosperity in India. During the last 70 years of independence, beginning with cooperative credit structure, followed by nationalization of Public Sector Banks (PSBs) and expansion of their branch network in rural areas and then launching of Regional Rural Banks in 1976, the formal rural institutional structure has grown and expanded many-fold. Unfortunately, in spite of these expansion programmes, the large segment of our rural population, is still 'financially excluded', still under the clutches of money-lenders, which of course, is a matter of grave concern.

Even today, the country is home to 24 per cent of the world's unbanked adults and about two-thirds of South Asia's. About 31 crore 'potentially bankable rural Indians' do not have access to formal banking services. As on June 30, 2016, as reported by SLBCs, out of 6,00,000 villages of India, 4,52,151 villages have been provided banking services; 14,976 through branches, 4,16,636 through BCs and 20,539 by other modes viz. ATMs, mobile vans, etc. What is more, the poor physical and social infrastructure also impacts the access to financial services. The reality of electrification of rural India is shown in Figure 1.

With an average rural literacy rate of 71 per cent most rural Indians are not likely to sacrifice an entire day's wage to travel to a bank branch which is open between 10.00 AM to 5.00 PM. Intermediaries like NGOs, Self-help Groups, Micro Finance Institutions, semi-formal delivery channels like Banking Correspondents and Business Facilitators, are being used by banks to improve access to credit and savings. However, these channels in their current form, offer limited services and suffer from many a lacunae.

Apart from this, many banks view the rural market as a regulatory requirement rather than an economic opportunity. Some of it's obvious reasons are-



**Figure 1**




Since rural households have irregular income and expenditure patterns, the banks have high Non- performing loans in rural areas. The issue is compounded by the dependence of the rural economy on vagaries of monsoons. The loan waivers driven by political agenda, further aggravate the bankers' woes.

The average ticket size of both a deposit transaction and a credit transaction in villages is small, which means the banks need more customers per branch or channel to break-even. Since many rural folks are not literate and so not comfortable using technology-driven channels like ATMs, phone banking or internet banking, hence mostly dependent on bank branches, leading to banks' high cost to serve.

The highly irregular and volatile income streams and unscheduled expenditure like medical or social emergency, attribute to higher risk of credit for the banks. While poorer groups might need basic savings services and micro-credit to cover production costs and emergency expenses, farmers



and farmers' organisations require larger amounts of credit to finance production, inputs, processing and marketing besides risk mitigation products, for example, insurance for loss of life and assets.

The new rural finance paradigm needs to be based on the premise that 'rural people are bankable' and rural clientele is not limited only to the farmers and uneducated but also includes a generation which can use and adopt technology, and hence, a demand-driven design and efficient provision of multiple financial products and services through an inclusive financial sector comprising sustainable institutions serving a diverse rural clientele, is the need of the hour. Thus, developing an inclusive yet sustainable rural financial system is extremely challenging and involves comprehensive understanding of the host of complementary issues, which can be placed in seven broad categories-

- **Product strategy :** For catering to the varied needs of small ticket size transactions, whether a chunk of diversified products and services can be developed without compromising on the flexibility, continuous availability and convenience of the products? Which types of financial products have the greatest impact on reducing poverty and lifting growth rates in deprived rural areas?
- **Processes:** What kinds of business processes can help banks to reach deprived and vulnerable segments and provide hassle-free near doorstep service to the customers without endangering financial viability? How do we design an efficient hub and spoke model to overcome the hurdles in the agent led branchless banking?
- **Partnerships:** What are the constraints faced by the unbanked and underbanked people in accessing financial services from different types of service providers? Are the bank-non-bank partnerships, such as, Business Correspondents, SHGs, MFIs, etc. working efficiently in easing the accessibility and availability of financial services?
- **Protection :** What measures and mechanisms are needed to protect both the providers and the receivers of rural finance from abuse and misuse of such services? Whether enough risks mitigants are there for the borrowers given the higher vulnerability in the sector? Are lenders protected against ebb and flow of uncertainty in credit culture?



- **Profitability :** Whether the business strategies and delivery models are geared to provide affordable and acceptable services to the rural clientele while ensuring that rural finance service providers function profitably on a sustained basis? How do we tap into the customer willingness to pay through an appropriate pricing model?
- **Productivity :** How do we increase the productivity of financial services provided in the rural areas? What are the strategies needed to synergize other resources with finance (say, under a "credit plus" approach) to ensure more productive and optimal use of financial services?
- **People :** Are the rural branch staff well-equipped to meet the needs of driving the process of financial inclusion in terms of knowledge, skill and attitude? Do these people have the capacity, comprehension and commitment to identify potential customers and offer them timely advice and multiple banking services?

As Nelson Mandela said, "The test of our progress is not whether we add more to the abundance of those who have much; it is whether we provide enough for those who have too little". So now, let us appear in this test by dwelling upon the initiatives taken by our government with a view to addressing the challenges of rural banking: In India, the first structured attempt towards financial inclusion, featured in 2005, when it was launched by K.C.Chakraborthy, the chairman of Indian Bank. Mangalam village became the first village in India where all households were provided with banking facilities.

**Reserve Bank of India (RBI)** has been undertaking financial inclusion initiatives in a mission mode through a combination of strategies ranging from provision of new products, relaxation of regulatory guidelines and other supportive measures to achieve sustainable and scalable financial inclusion. Some of these steps are: facilitating no-frill accounts and General Credit Cards (GCCs) for small deposits and credit, norms were relaxed for people intending to open accounts with annual deposits of less than 50,000. GCCs were issued to the poor and the disadvantaged with a view to help them access easy credit. With a view to provide hassle-free and timely credit to farmers, as on September 2016, above 50 million Kisan Credit Cards



(KCC) have been issued by the banking system. In January 2006, RBI permitted commercial banks to make use of the services of Non-Governmental Organizations (NGOs )/Self Help Groups (SHGs), micro-finance institutions, and other civil society organizations as intermediaries for providing financial and banking services. These intermediaries act as business facilitators or business correspondents on behalf of commercial banks. RBI also directed the commercial banks in different regions to start a 100 per cent financial inclusion campaign, as a result of which UTs like Puducherry and states like Himachal Pradesh, Kerala announced 100 per cent financial inclusion in all their districts. RBI's vision for 2020 is to open nearly 600 million new customers' accounts and service them through a variety of channels by leveraging on IT. However, illiteracy and the low income, savings and lack of bank branches in rural areas continue to be a roadblock to financial inclusion in many states and there is inadequate legal and financial structure as well.

Now, let us try to address the issues one by one:

1. For effective functioning of Business Correspondent (BC) model in reaching poor villagers, the following need to be done:

- BCs are not making enough income due to catering of services to low-income customers with low volume transactions. For optimum usage of BCs, they need to be adequately compensated by banks so that they are sufficiently incentivized to provide banking services to villagers at their door- steps.
- For effective supervision of BC operations and for addressing cash management issues as also to take care of customer grievances, banks should open small brick and mortar branches at a reasonable distance.
- Further, banks need to initiate suitable training and skill development programmes for effective functioning of BCs.

2. Designing suitable innovative products to cater to the requirements of poor villagers at affordable rates is an absolute imperative.

- To wean away villagers from borrowing from money lenders, banks should develop simplified credit disbursement procedures and also flexibility in their processes.



3. In an ICT enabled environment, technology is the main lever to achieve the eventual goal of functional inclusion at the earliest.

- Banks need to enhance their ATM network in rural and unbanked areas to serve the rural villagers. Along with this, adequate security measures as well as Financial Literacy campaigns need to be undertaken.
- To reduce the overall transaction costs, associated with small ticket transactions in rural areas, use of domestic RuPay Cards may be enhanced.
- In rural India, there are 506 million mobile subscribers as on March 2017. The options including the feasibility of using encrypted SMS based funds- transfer using an application that can run on any type of handset, may be explored.
- In accordance with the provisions of recent NABARD circular, banks may make use of PACs, the largest rural network of cooperatives as business correspondents.
- Since Remittance Facility for migrant population is of paramount importance, providing easy and cheap remittance facilities to migrants is an absolute imperative.
- To deal with the poor villagers, banks need to initiate training programmes to equip their staff as well as BCs on the human side of banking.
- To achieve meaningful financial inclusion, banks should give priority for small farmers as compared to large farmers while sanctioning credit.
- Banks need to ensure scalability of their CBS platforms.
- There is a need to promote Electronic Benefit Transfer systems effectively for boosting rural banking.
- Govt/banks should initiate steps to increase the credit absorption capacity in rural areas by promoting employment and other opportunities.
- The latest data show that the number of bank branches in rural areas has increased from 33,378 in March 2010 to 51,830 in March 2016, while the number of branchless banking outlets in rural India has risen from 34,316 in March 2010 to 534,477 in March 2016. This shows an impressive outreach of banking services through branchless banking. Still, in the case of private sector banks, rural branches accounted for just 20 per cent of the



total number of branches in March 2017. There is, therefore, an imperative need to ramp up the number of rural branches by the private banks.

- Reportedly, out of 6 lakh villages in India, around 18000 have no electricity, so government needs to make efforts on a war-footing for adequate infrastructure such as physical and digital connectivity, uninterrupted power supply etc.
- The need for vernacularisation of all banking forms is an absolute must, at least in major languages. As part of the Financial Literacy drive, banks need to undertake pro-active steps in helping the common public to get over their English phobia.
- India has the largest Postal Network in the world with over 1,54,882 Post Offices of which 1,39,182 (89.86 per cent) are in the rural areas. In this backdrop, all-round efforts are to be made to ensure that Post Offices play a greater and more active role due to their known advantages. Launching of India Posts Bank by GOI is undoubtedly, a remarkable step in this direction.
- Although, the SHG-Bank Linkage programme of NABARD, has become the biggest Micro-Credit programme of the world, their sustainability and graduation to Micro-enterprise related issues are yet to be addressed.
- Recipients of BC services are mostly illiterate and unfamiliar with technology rendering them susceptible to misguidance by BCs.

The government as well as the Reserve Bank of India have taken various measures recently to solve the above issues like:

1. Enormous success in opening of about 26 crore accounts under **Jan Dhan Yojana.**
2. Setting up Micro Unit Development Refinance Agency (Mudra) for providing micro credits.
3. Various social sector schemes like Atal Pension Yojana, Pradhan Mantri Suraksha Bima Yojana and Pradhan Mantri Jeevan Jyoti Bima Yojana which would provide social security.



4. Providing banking services through banking correspondents and business facilitators.
5. Proposed concessions on credit and debit transactions.
6. Aadhaar enabled micro ATMs and RuPay cards to replace cash transactions
7. Promoting differential banking through new licenses given to 11 payment banks and 10 small finance banks.

- However, these initiatives also pose certain challenges : PMJDY has the problem of multiplicity of accounts. A large number of accounts created under PMJDY do not have any money and lie dormant which only increases costs for banks to run these accounts. Poor people live on subsistence level of earning and with no source of regular earning, they don't have surplus to save in bank account or take any other financial instrument. Resultantly, financial inclusion has no meaning for them.
- Technology enabled services such as linking of JanDhan, Aadhaar and Mobile (JAM) is slow to pick up. Payment banks will have the benefit of wider reach but they will need to counter issues of complex user interfaces, lack of internet penetration, lack of grievance redressal mechanisms etc. which might deter users. Further, RBI will have increased accountability on behest of its increased responsibility towards the new payment banks.
- Direct Benefit Transfer may see collaboration of erstwhile middlemen with bank officials to delay/ deny benefits.
- The spread of payment banks might also deprive regular banks of the fee income they earn from customers, like those for making demand drafts, cash transfers, remittances, cash withdrawal through cheques and ATM transaction fees.
- Schemes like PMJJBY, PMSBY, APY etc are largely dependent on the success of banking reaching the poor and face a herculean task when a large section of the population does not have access to or awareness of pension or insurance products.
- In quite a number of cases, the Business Correspondents have been accused of siphoning off money



- Banking technology related frauds are increasing at an alarming rate.
- In rural and hinterland areas mobile connectivity is still in poor condition.
- Priority Sector Lending targets may not reach the deserved, as many banks shy away from lending money to the poor. So, to achieve targets they give loans to the undeserved, who make fraud-documents to receive the same. For example, gold loans are available for lower rate for farmers. But people who do not even do agriculture, receive these loans, using their contacts at banks. So here PSL gets diverted away from the deserved to the undeserved. The Government should look into this issue and make sure that loans are provided to the deserving applicants and strict action is taken against the fraud-applicants and bank officials who support it.

Let me conclude with the hope that the Reserve Bank remains committed to creating a conducive regulatory environment where financial entities can ensure hassle free financial services to the poor without jeopardising financial stability. Contextually, banks may be given the freedom to determine their own financial inclusion strategies as part of their overall business philosophy and pursue it as a commercial activity, taking on board their risk appetite and product sophistication. With a couple of financial service providers, and especially an erstwhile microfinance service provider, allowed to become banks and with the possible introduction of on-tap licensing of small banks and payment banks in addition to entry of foreign banks in the context of priority sector requirements, it is hoped that the size and scope of the rural financial system landscape will expand and thereby, address the persistent and emerging challenges relating to rural finance and thus substantially improve the lot of rural folks, both qualitatively and quantitatively. Let us look forward to translating the underlying vision of Rural Banking into reality.

**YOJANA,**

**January 2018.**



# Reformation of the Legal Profession in the interest of Justice

**Yashomati Ghosh**

